സംഘം/ബാങ്കുകളിലേക്ക് ഉദ്യോഗാർത്ഥികളുടെ തെരഞ്ഞെടുപ്പ് കൂടുതൽ കാര്യക്ഷമമാക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് ഭേദഗതികൾ വരുത്തിയിട്ടുള്ളത്.

ജീവനക്കാരുടെ സ്ഥലംമാറ്റം സംബന്ധിച്ച മാനദണ്ഡങ്ങൾ ബാങ്ക് മാനേജ്മെന്റ് ലംഘിക്കുന്നതായ ആരോപണം

135(1415) ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വതന്ത്രമായ സംഘടനാ പ്രവർത്തനം സഹകരണ ബാങ്ക് മാനേജ്മെന്റ് അനുവദിക്കുന്നില്ല എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജീവനക്കാരുടെ സ്ഥലംമാറ്റത്തിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കാൻ മാനേജ്മെന്റ് ബാധ്യസ്ഥമാണെന്നുള്ള ബഹു. കേരള ഹൈക്കോടതിയുടെ 2003-ലെ ഉത്തരവ് ബാങ്ക് മാനേജ്മെന്റ് നിരന്തരമായി ലംഘിക്കുന്നു എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധിയിൽപ്പെട്ടിട്ടുണ്ടോ;

(സി) കഴിഞ്ഞ 2 വർഷത്തിനിടയിൽ ബഹു. കേരള ഹൈക്കോടതിയും സഹകരണ സംഘം രജിസ്ട്രാറും തുടർച്ചയായ നിർദ്ദേശങ്ങൾ നൽകിയിട്ടും തോംസൺ ജോസഫ് എന്ന ജീവനക്കാരന്റെ സ്ഥലംമാറ്റം തടഞ്ഞുവച്ചരിക്കുന്ന നടപടി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) ശ്രീ. തോംസൺ ജോസഫിന് സ്ഥലം മാറ്റം നൽകണമെന്ന് നിർദ്ദേശിച്ചുകൊണ്ട് രജിസ്ട്രാർ ഓഫീസിൽ നിന്നും 2-1-2006-ൽ സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന് നിർദ്ദേശം നൽകിയിരുന്നു. അദ്ധ്യയന വർഷത്തിന്റെ അവസാന ഘട്ടത്തിലെ സ്ഥലം മാറ്റം പകരം നിയമിക്കപ്പെടേണ്ട ആളിന് ബുദ്ധിമുട്ടുണ്ടാക്കുമെന്നതിനാൽ അടുത്ത ജനറൽ ട്രാൻസ്ഫറിന്റെ സമയത്ത് ശ്രീ. തോംസൺ ജോസഫിന് സ്ഥലംമാറ്റം നൽകും എന്ന് ബാങ്ക് അറിയിച്ചിട്ടുണ്ട്.

സ്കൈബ്ലൂ വിദ്യാദീപം നഴ്സിംഗ് വിദ്യാഭ്യാസ വായ്പാപദ്ധതി

136(1416) ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-ൽ കൊച്ചിയിൽ സ്കൈബ്ലൂ ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന പേരിൽ ആരംഭിച്ച് ഒരു വർഷത്തിനകം സ്കൈബ്ലൂ കൺസൾട്ടൻസി സർവീസസ് എന്നും സ്കൈബ്ലൂ എന്റർപ്രൈസസ് എന്നും പേര് മാറ്റിയ) സ്ഥാപന

LIBRARY ARCHIVES Kerala Legislative Assembly